File No: HEDN -L1/229/2019-HEDN

'ഭരണഭാഷ -മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസം--തൃക്കരിപ്പൂർ ഇ.കെ.എൻ.എം പോളിടെക്നിക്കിലെ സി.എ.ബി.എം കോഴ്സിനനുവദിച്ച ടൈപ്പ് റൈറ്റർ മെക്കാനിക്ക് തസ്തിക റദ്ദ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(സാധാ)നം. 1562/2020 /ഉ.വി.വ തീയതി, തിരുവനന്തപുരം,17.12.2020

പരാമർശം:- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 23.5.2019,10.6.2020 തീയതികളിലെ L1/37444/18/DTE നം കത്ത്.

## ഉത്തരവ്

തൃക്കരിപ്പൂർ സർക്കാർ പോളിടെക്നിക്കിലെ ടൈപ്പ് റൈറ്റർ മെക്കാനിക്ക് തസ്തിക സി.എ.ബി.എം കോഴ്സിൻെറ പാഠ്യക്രമം പരിഷ്കരിച്ചതിനെ തുടർന്ന് ആവശ്യമില്ലാതായതിനാലും കളമശ്ശേരി സിറ്ററിൽ കമ്പ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ട്രേഡ് ഇൻസ്ട്രക്ടർ (ഗ്രേഡ് 2) തസ്തിക ആവശ്യമുള്ളതിനാലും തൃക്കരിപ്പൂർ സർക്കാർ പോളിടെക്നിക്കിലെ ടൈപ്പ് റൈറ്റർ മെക്കാനിക്ക് തസ്തിക ട്രേഡ് ഇൻസ്ട്രക്ടർ (ഗ്രേഡ് 2) ആയി പുനർ നാമകരണം ചെയ്ത് കളമശ്ശേരി സിറ്ററിലേക്ക് പുനർവിന്യസിക്കുന്നതിന് അനുമതി നല്കി ഉത്തരവ് നൽകണമെന്ന് പരാമർശത്തിലെ കത്തുകൾ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . അതിന്റെ അടിസ്ഥാനത്തിൽ,തൃക്കരിപ്പൂർ ഇ.കെ.എൻ.എം പോളിടെക്നിക്കിലെ സി.എ.ബി.എം കോഴ്സിനനുവദിച്ച ടൈപ്പ് റൈറ്റർ മെക്കാനിക്ക് തസ്തിക റദ്ദ് ചെയ്യുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
**തരുൺലാൽ . എസ്.**
**ജോയിൻറ് സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, തൃക്കരിപ്പൂർ ഇ.കെ.എൻ.എം പോളിടെക്നിക്ക് കോളേജ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (07-12-2020-ലെ 1235409/വിദ്യാ-സി2/194/2019-ധന നം. കുറിപ്പ് പ്രകാരം)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**